പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3096 | 18.06.2019-ന് മറുപടിക്ക് |

## ഈരാറ്റുപേട്ട ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈരാറ്റുപേട്ട ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ഈരാറ്റുപേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലായി 2.4690 ഹെക്ടർ ഭൂമി പഴയ ലാന്റ് അക്വിസിഷൻ പ്രകാരം പൊന്നുംവിലക്കെടുക്കുന്നതിന് 28-10-2014 -ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിരുന്നെങ്കിലും 01-01-2014-മുതൽ പുതിയ ആക്ട് നിലവിൽ വന്നതിനാൽ എൽ.എ.ആർ.ആർ ആക്റ്റ് പ്രകാരം പുതിയ അർത്ഥന സമർപ്പിക്കുവാൻ അർത്ഥനാധികാരിയോട് നിർദ്ദേശിച്ചിരുന്നു.<br><br>ഈരാറ്റുപേട്ട ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ 1.26 ഹെക്ടറും റീച്ച്-2-ൽ 1.24 ഹെക്ടറും ഉൾപ്പെടെ 2.50 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥനാപത്രം യഥാക്രമം 27.11.2018, 19.12.2018 എന്നീ തീയതികളിൽ അർത്ഥനാധികാരി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റീച്ച് - 1 ന്റെയും, റീച്ച് - 2 ന്റെയും സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പുതുക്കിയ 4(1) നോട്ടിഫിക്കേഷൻ യഥാക്രമം 07.01.2019, 17.01.2019 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. റീച്ച് -1 ന്റെ സാമൂഹ്യാഘാത പഠനത്തിന്റെ ഫൈനൽ റിപ്പോർട്ട് സാമൂഹ്യാഘാത പഠന ഏജൻസി സമർപ്പിച്ചിട്ടുള്ളതാണ്. റീച്ച് - 2 ന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്ക് LARR Act, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി തുടർനടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഭരണാനുമതി ലഭിച്ച് 5 വർഷം കഴിഞ്ഞിട്ടും സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുവാൻ മന്ത്രി തലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുമോ; വിശദമാക്കുമോ; | (ബി) | പുതുക്കിയ അർത്ഥന ലഭ്യമാക്കിയിട്ടുള്ളത് 27.11.2018, 19.12.2018- എന്നീ തീയതികളിലാണ്. പുതുക്കിയ അർത്ഥനാ പത്രം അർത്ഥനാധികാരി സമർപ്പിക്കാൻ വൈകിയതുമൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | വികസന പ്രവർത്തനങ്ങൾക്ക് തടസമാകുന്ന സ്ഥലമേറ്റെടുക്കലിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | (സി) | വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നത് LARR Act, 2013 പ്രകാരമാണ്. LARR Act -ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂഉടമകളുടെ സമ്മതമുള്ള പക്ഷം ഡയറക്ട് പർച്ചേസ് മുഖാന്തിരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ